DESPATCHED
On..24/5/22...



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 189(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3101/SIC-Gen4/2022**
(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 20**

ശ്രീ. ഇസ്മായിൽ ബി.എ.,
സി.കെ. ഹൗസ്,
എയ്യള, തെക്കിൽ,
കാസറഗോഡ് – 671 541.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (ജെ) സെക്ഷൻ, താലൂക്ക് ഓഫീസ്, കാസറഗോഡ്.
2. അപ്പീൽ അധികാരി & തഹസിൽദാർ (ഭൂ രേഖ), താലൂക്ക് ഓഫീസ് കാസറഗോഡ്, കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.12.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.1.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 8.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 18.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ<br>അപ്പീൽ അധികാരി | ഹാജരായി<br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഇസ്മായിൽ ബി.എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട, തെക്കിൽ വില്ലേജ്

ഓഫീസർ തഹസിൽദാർക്ക് നൽകിയ 261/2016 നമ്പർ കത്ത്, തഹസിൽദാരുടെ ഉത്തരവ് എന്നീ വിവരങ്ങൾ ഫയലിൽ ഉണ്ടായിട്ടും നൽകിയില്ലെന്നും കൂടാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന്റെ ജീവനെയും സ്വാതന്ത്ര്യത്തെയും സംബന്ധിച്ച വിഷയമായിട്ടും 30 ദിവസം കഴിഞ്ഞാണ് മറുപടി ലഭ്യമാക്കിയതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 4.12.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

1) കെ.എൽ 511/2016 തെക്കിൽ വില്ലേജ് ഫയലിൽ തെക്കിൽ വി.ഒ. തഹസിൽദാർക്ക് അയച്ചു കൊടുത്ത എൻ.ഡിസ് 521/17 കത്തിലെ, 509/2017 തെക്കിൽ, 528/2017 തെക്കിൽ, 261/2016 തെക്കിൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നും

2) തെക്കിൽ വി.ഒയുടെ എൻഡിസ് 509/2017 നമ്പർ കത്തും ടി വിഷയം സംബന്ധിച്ച് തഹസിൽദാർ വി.ഒ. തെക്കിലിന് അയച്ച കത്തും തുടർന്ന് തഹസിൽദാർ ഉത്തരവാക്കിയതിന്റെ പകർപ്പും ടി വിഷയം സംബന്ധിച്ചുള്ള ഓഫീസ് നോട്ടിന്റെ പകർപ്പും നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങൾ 48 മണിക്കൂറിനകം നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.12.2021 ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ ചില വിവരങ്ങൾ ലഭിക്കാത്തതിനാൽ അതൃപ്തി രേഖപ്പെടുത്തി 12.1.2022-ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 8.2.2022-ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4.2.2022ന് കക്ഷിയെ നേരിൽ കേൾക്കുകയും ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതിനാൽ അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് കാസറഗോഡ് താലൂക്ക് ഓഫീസിലെ ജെ3-511/2016 നമ്പർ ഫയലിലെ തെക്കിൽ വില്ലേജ് ഓഫീസർ തഹസിൽദാർക്ക് സമർപ്പിച്ച 521/17, 509/17, 528/17, 261/2016 കത്തുകളുടെ പകർപ്പുകൾ 509/2017 നമ്പർ കത്ത് സംബന്ധിച്ച് തഹസിൽദാർ തെക്കിൽ വില്ലേജ് ഓഫീസർക്ക് അയച്ച കത്ത്, ആയത് സംബന്ധിച്ച തഹസിൽദാരുടെ ഉത്തരവിന്റെ പകർപ്പ്, ടി വിഷയം സംബന്ധിച്ച ഓഫീസ് നോട്ടിന്റെ പകർപ്പ്, ടി ഫയൽ സംബന്ധിച്ച് എ-സെക്ഷൻ ജൂനിയർ സൂപ്രണ്ട് ജെ സെക്ഷനിലേക്ക് നൽകിയ കത്ത് ആയതിന് 29.10.2021-ൽ തഹസിൽദാർ നൽകിയ മറുപടി, ടി വിഷയം സംബന്ധിച്ച ഓഫീസ് നോട്ട്, കറസ്പോണ്ടൻസ് എന്നിവയുടെ പകർപ്പുകൾ എന്നിവ അനുവദിക്കുന്നതിന് വേണ്ടിയാണ് 4.12.2021-ൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ആയതിന് ഫയലിൽ ലഭ്യമായ പകർപ്പുകൾ അനുവദിക്കുന്നതിന് ചലാൻ ഒടുക്കുന്നതിന് 21.12.2021-ൽ

കക്ഷിക്ക് നിർദ്ദേശം നൽകുകയും 28.12.2021-ൽ കക്ഷി ചലാൻ ഹാജരാക്കിയതിനെ തുടർന്ന് 31.12.2021-ൽ ലഭ്യമായ എല്ലാ പകർപ്പുകളും അനുവദിക്കുകയും ചെയ്തിരുന്നു എന്നും അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന 261/2016 നമ്പർ കത്ത്, തഹസിൽദാരുടെ ഉത്തരവ് എന്നിവ ടി ഫയലിൽ ലഭ്യമല്ലാത്തതിനാൽ അനുവദിച്ചിരുന്നില്ലെന്നും തുടർന്ന് ഹർജിക്കാരൻ 12.1.2022-ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ 4.2.2022ന് ഹർജിക്കാരനെ നേരിൽ കേട്ടതിലും ഫയൽ പരിശോധിച്ചതിലും ലഭ്യമായ വിവരങ്ങൾ എല്ലാം നൽകിയിട്ടുള്ളതിനാൽ അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലിൽ ലഭ്യമായ വിവരം എതിർകക്ഷികൾ സമയബന്ധിതമായി നൽകിയിട്ടുള്ളതായും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം 48 മണിക്കൂറിനകം നൽകേണ്ട ഗൗരവ സ്വഭാവമുള്ള വിഷയമല്ലെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട 261/2016 നമ്പർ കത്ത്, തഹസിൽദാരുടെ ഉത്തരവ് എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാലാണ് നൽകാതിരുന്നത് എന്നും കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ നൽകിയ മറുപടിയിലുള്ള ഹർജിക്കാരന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിനുള്ള അവസരം ഹർജിക്കാരന് നൽകേണ്ടതാണെന്നും, ലഭിച്ചില്ലെന്ന് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ള 261/2016 നമ്പർ കത്തിന്റെ പകർപ്പ്, തഹസിൽദാർ വില്ലേജ് ഓഫീസർക്ക് അയച്ച കത്തിന്റെ പകർപ്പ്, തഹസിൽദാരുടെ ഉത്തരവിന്റെ പകർപ്പ് തുടങ്ങിയ മറ്റ് സെക്ഷനുകളിൽ ലഭ്യമാണോ എന്ന കാര്യം അപ്പീൽ അധികാരി പരിശോധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരന്റെ ഉടമസ്ഥതയിലുള്ള ഭൂമി കൈയ്യേറ്റം സംബന്ധിച്ചുള്ള പരാതിയിൽ പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട മേലധികാരികൾക്ക് അപേക്ഷ നൽകി ടിയാന് പരിഹാരം തേടാവുന്നതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 20-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

bnk